# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ. എച്ച് എസ്  പോങ്ങനാട്

# 2025–26

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. എച്ച്.എസ് പോങ്ങനാട് |
| സബ്ജില്ല | : | കിളിമാനൂർ |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| വർഷം | : | 2025–2026 |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| സംസ്ഥാനം | : | കേരളം |
| പിൻകോഡ് | : | 695601 |
| സ്കൂൾ ഈ മെയിൽ | : | ghsponganad@gmail.com |
| ഭരണവിഭാഗം | : | സർക്കാർ |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠനവിഭാഗങ്ങൾ | : | എൽ.പി, യു.പി, എച്ച്.എസ് |
| പ്രധാന അധ്യാപകൻ | : | ലിജുകുമാർ |
| പി.ടി.എ പ്രസിഡന്റ് | : | സജി എസ്.എസ്. |
| ആൺകുട്ടികളുടെ എണ്ണം | : | 342 |
| പെൺകുട്ടികളുടെ എണ്ണം | : | 349 |
| വിദ്യാർത്ഥികളുടെ എണ്ണം | : | 691 (6–ാം പ്രവൃത്തിദിന കണക്ക്) |

# ഉള്ളടക്കം

1. ആമുഖം

2. പൊതുലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

6.നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. സംഗ്രഹം

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിൽ ഒന്നാണ് പോങ്ങനാട് ഗവ. എച്ച്.എസ്. ആദ്യം ഇത് അപ്പർ പ്രൈമറി സ്കൂളായിരുന്നു. ഇത് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളായി ഉയർത്തിയിട്ട് പത്ത് വർഷം കഴിഞ്ഞു. ഇത് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി ഉയർത്താൻ മുൻകൈ എടുത്തത് ഇവിടത്തെ പ്രഥമാധ്യാപകനായിരുന്ന ശ്രീ. എസ്. തുളസീദാസൻ സാറാണ്.

പഠനനിലവാരം, അദ്ധ്യാപകരുടെ കൂട്ടായ പ്രവർത്തനം എന്നിവയിലൊക്കെത്തന്നെ കിളിമാനൂർ ഉപജില്ലയിൽ മുൻനിരയിൽ നിൽക്കുന്ന വിദ്യാലയമാണ് ഗവ. ഹൈസ്കൂൾ പോങ്ങനാട്. നമ്മുടെ വിദ്യാലയത്തെ സംസ്ഥാനത്തെ തന്നെ മികച്ച വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഇവിടെ പ്രീപ്രൈമറി പി.ടി.എ യുടെ അദ്ധ്യക്ഷതയിലാണ് നടക്കുന്നത്.

എൽ.പി തലത്തിൽ 1,2,3,4 രണ്ടു ഡിവിഷൻ വീതം 8 ക്ലാസുകളും ഈ ക്ലാസ്സുകളിൽ അറബിക് അധ്യാപിക ഉൾപ്പടെ 9 അധ്യാപകരും 180 വിദ്യാർത്ഥികളും ഉണ്ട്. പഠനപ്രവർത്തനങ്ങളിലെ മികവിനു പുറമെ കലാകായിക രംഗങ്ങളിലും സ്കോളർഷിപ്പ് പോലുള്ള മത്സര പരീക്ഷകളിലും ക്വിസ് മത്സരങ്ങളിലും മികച്ച വിജയം കഴിഞ്ഞ വർഷങ്ങളിൽ ഞങ്ങളുടെ കുട്ടികൾ കരസ്ഥമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പഠന പ്രവർത്തനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളിലും പങ്കാളികളാകുക മാത്രമല്ല അവരെ ഓരോ അധ്യാപകനും രക്ഷിതാക്കളും ആത്മാർത്ഥമായി ശ്രമിക്കുകയും വിജയിപ്പിക്കുകയും ചെയ്യും. പിന്നോക്കം നിൽക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ മുന്നോട്ടു കൊണ്ട് വരാനും സമൂഹത്തിൽ മുൻധാരയിലെത്തിക്കാനുമുള്ള മാർഗ്ഗങ്ങൾ ഞങ്ങൾ അവലംബിക്കും. ജനാധിപത്യം, അവസരസമത്വം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതിനോടൊപ്പം മതേതരത്ത്വവും കുട്ടികളുലുറപ്പിക്കുകയും അവരുടെ സ്വാഭാവരൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തുകയും ചെയ്യും.

യു.പി വിഭാഗത്തിൽ 5,6,7 ക്ലാസ്സുകളിൽ 8 ഡിവിഷനും ആകെ യു.പി തലത്തിൽ 214 കുട്ടികളും 11 അധ്യാപകരും ഉണ്ട്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പ്രവർത്തിക്കുന്നു. ഇവിടെ 34 അധ്യാപകർ, 4 അനധ്യാപകർ ജോലി ചെയ്യുന്നു.

ലിറ്റിൽ കൈറ്റ്സ്, ശ്രദ്ധ, അക്ഷരത്തിളക്കം, ജെ.ആർ.സി, വിവിധതരം ക്ലബ്ബുകൾ, വിദ്യാരംഗം കലാസാഹിത്യവേദി, സയൻസ് ക്ലബ്ബ്, മുതലായ മികവാർന്ന പ്രവർത്തനങ്ങൾ സ്കൂളിൽ കാര്യക്ഷമമായി നടക്കുന്നു. 2025 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ് വാങ്ങിയ 22 കുട്ടികളുമുണ്ട്.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളേയും പ്രതീക്ഷിത നിലവാരത്തിലേയ്ക്ക് എത്തിക്കുക.
2. സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം സജീവമാക്കുക.
3. എഴുത്ത്, വായന, ആശയവിനിമയശേഷി ചുറ്റുപാടുകളുമായി ഇണങ്ങി ജീവിക്കാനുള്ള കഴിവ് ഇവ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുക.
4. തുല്യത, ഗുണത എന്നിവ ഉറപ്പ് വരുത്തുക.
5. സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കുക.
6. കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനു വേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യമായ അവസരങ്ങൾ ഉണ്ടാകും.
8. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുവാനും പരിമിതികൾ മറികടക്കാവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
9. മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുക.
10. നമ്മുടെ സ്കൂളിലെ കുട്ടികളിൽ മൂല്യബോധം, പ്രകൃതി സ്നേഹം, സഹജീവികളോടുള്ള സ്നേഹം എന്നിവ വളർത്തുക.
11. ജോലിഭാരം വർദ്ധിക്കുന്നതുമൂലം അദ്ധ്യാപകർ അനുഭവിക്കുന്ന സമ്മർദ്ദം ഇല്ലാതാക്കുക.
12. അധ്യാപകർ ലീവിലാകുന്ന സന്ദർഭങ്ങളിൽ ഫലപ്രദമായ പകരം സംവിധാനങ്ങൾ ലഭ്യമാക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

1908 ൽ ആൺ പള്ളിക്കൂടമായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പെൺകുട്ടികൾക്കും പ്രവേശനം നൽകി. 2008 ൽ സ്കൂളിന്റെ 100–ാം വാർഷികം ആഘോഷിച്ചു. 2013 വരെ യു.പി സ്കൂളായിരുന്നു.

2013 ൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 2014 സെപ്റ്റംബർ 26–ാം തീയതി ഹൈസ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. പ്രതിപക്ഷനേതാവ് വി.എസ്. അച്ചുതാനന്ദൻ നിർവ്വഹിച്ചു. ഒക്ടോബർ 26–ാം തീയതി ക്ലസുകൾ ആരംഭിച്ചു. നിലവിൽ പ്രീ–പ്രൈമറി മുതൽ പത്താം ക്ലാസ് വരെ അര കിലോമീറ്റർ വ്യാസത്തിൽ രണ്ട് കോമ്പൗണ്ട്കളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനു വേണ്ടി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനികസാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
2. വിദ്യാഭ്യാസരംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ.
3. പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ.
4. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് സൃഷ്ടിക്കൽ.
5. ഇതിനെല്ലാം അനുയോജ്യമായ വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവ്വഹണ പങ്കാളികളുടേയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ.
6. നാട്ടിൽ ലഭ്യമായ വിഭവത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ.
7. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ.

# സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## അക്കാദമിക് മാസ്റ്റർ പ്ലാൻ– എൽ.പി വിഭാഗം

### മേഖല– മലയാളം

### ലക്ഷ്യങ്ങൾ :–

1. മലയാളം ഭാഷാശേഷികളിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കി എല്ലാ മലയാള ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. മലയാള ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുന്നു.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കുവാനും കേട്ട് മനസിലാക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മാതൃഭാഷയെന്നനിലയിൽ സംസ്കാരത്തിന്റെ വിനിമയോപാധി എന്ന നിലയിൽ മലയാള സാഹിത്യപഠനത്തിന്റെ താൽപര്യം വളർത്തുക.
6. മികച്ച വായനാശീലം മലയാളഭാഷയിൽ വികസിപ്പിച്ചെടുക്കുക.
7. മലയാളഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക.
8. മലയാളഭാഷാ പഠനത്തിൽ ഐ.റ്റി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

9. മലയാളഭാഷാ പഠനശേഷി വികസിപ്പിക്കുക.

10. മലയാളഭാഷാ പഠനത്തെ മതേതര ജനാധിപത്യബോധം വളർത്തുന്നതിന് അനുയോജ്യമാക്കുക.

11. മലയാളഭാഷാ പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.

12. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക

13. സ്വന്തം ജീവിതം മെച്ചപ്പെടുത്തുനതിന് മലയാള ഭാഷാപഠനം പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

14. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠനത്തിനത്തെ പ്രയോജനപ്പെടുത്തുക.

15. ക്ലാസിൽ കലകളെ ആസ്വദിക്കാനുള്ള ശേഷി നേടുക.

16. മലയാളഭാഷാദ്ധ്യാപക ശാക്തീകരണം.

17. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

# ഭാഷാപഠനം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷാപരമായ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ<br>(മലയാളത്തിളക്കം) | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. നങ്കൂരപദങ്ങൾ ഉൾപ്പെട്ട വായനാകാർഡ്<br>6. വാക്കുകൾ എഴുതിയ കാർഡ്<br>7. വാക്കുകൾ നിർമ്മിക്കുക.<br>8. വാക്യങ്ങൾ നിർമ്മിക്കൽ<br>9. ചിത്രം അടിക്കുറുപ്പ്<br>10.ചിത്രം – കഥപറയൽ(മിശ്രപഠനരീതി)<br>11. മലയാളത്തിളക്കം കഥ നിർമ്മിക്കൽ<br>12. ഭാഷാപരമായ പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്<br>13.വായനക്കൂട്ടം രൂപീകരിക്കൽ<br>14. വായനാ ചങ്ങാത്തം<br>15. പത്രവായന, അമ്മവായന<br>16.സ്കൂൾസഭ, ബാലസഭ<br>17. ഇ– വായന<br>18. വായനക്കുറിപ്പ്<br>19. വീട്ടിലൊരു ലൈബ്രറി<br>20. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന<br>21. ചിത്രം ഉൾപ്പെട്ട അക്ഷര– കാർഡ് | 6 Months | പുസ്തകം<br>ICT | PTA<br>SRG<br>BRC<br>SSG |

# ഇംഗ്ലീഷ്

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷാപരമായ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ<br>(Honey English) | Pre-test<br>Knowing Letter<br>Letter Card<br>Word Cards<br>Form letters making words<br>Word Sun<br>Word web<br>Sentence making<br>Picture- description (ICT)<br>Picture- story telling<br>Picture- title making<br>Picture- story writing<br>Story Books<br>e-cube English<br>e-language lab<br>Differently ablest students<br>Picture Card | 10 Months | Text ICT | |

# പരിസരപഠനം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ശാസ്ത്ര കൗതുകം വളർത്താൻ ഉതകും വിധം ശാസ്ത്രപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എൽ.പി തലത്തിൽ കുട്ടികളുടെ നിലവാരത്തിലുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു.<br>പരീക്ഷണങ്ങളെ ശാസ്ത്രമാജിക്കുകളാക്കി രൂപപ്പെടുത്തുന്നു.<br>ശിൽപശാല സംഘടിപ്പിക്കുന്നു. | 1 വർഷം | സയൻസ് ലാബ് | ശാസ്ത്ര അധ്യാപകർ<br>വിദഗ്ധർ |
| 2. | കൃഷിയോടുള്ള അഭിരുചി വളർത്തൽ | ബോധവൽക്കരണ ക്ലാസ്<br>അഭിമുഖം<br>കൃഷിത്തോട്ടം സന്ദർശനം (Feild trip)<br>സ്കൂളിലൊരു കൃഷ്ത്തോട്ട നിർമ്മാണം<br>ബട്ടർഫ്ളൈ പാർക്ക് | 1 വർഷം | പച്ചക്കറി തൈ ഗ്രോബാഗ് | കൃഷി ഓഫീസർ<br>പരമ്പരാഗത കർഷകൻ<br>PTA<br>SRG |

# ഗണിതം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | സ്ഥാന വില ഉറപ്പിക്കുന്നതിന് | എണ്ണിനോക്കാം (ഒരക്കസംഖ്യ)<br>മഞ്ചാടി, മുത്ത്, കല്ല്<br>കൂട്ടങ്ങളാക്ക (വിവിധ നിറത്തിലുള്ള മുത്തുകൾ, ഈർക്കിൽക്കെട്ട്)<br>Ten frame, സ്ഥാനവില പോക്കറ്റ്,<br>അബാക്കസ്<br>ഗണിതലാബിന്റെ പ്രദർശനവും രക്ഷകർത്താക്കൾക്കുള്ള ശിൽപശാലയും | 6 മാസം | ലഭ്യമായ പാഴ് വസ്തുക്കൾ ഗണിതക്കാറ്റ്<br><br>ICT | |
| | ഗണിതപഠനം ഉല്ലാസപ്രദാനവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികളേയും മികച്ച പ്രശ്നപരിഹരണ ശേഷി ഉള്ളവരാക്കി മാറ്റുക.<br><br>ഉൾച്ചേർന്ന ക്ലാസ്റൂം സാധ്യതകൾ | ഗണിതവിജയം/ ഉല്ലാസഗണിതം പ്രവർത്തനങ്ങൾ<br>പ്രവർത്തിപരിചയത്തിലൂടെ ഗണിതാശയങ്ങൾ രൂപീകരിക്കുന്നു.<br><br>ജീവിതഗണിതം പ്രോജക്ടുകൾ (കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ)<br><br>ഉദാ : കടയിലേയ്ക്ക്, ബാങ്കിലേയ്ക്ക് | | | PTA<br><br>SRG |

# ആരോഗ്യ കലാകായിക വിദ്യാഭ്യാസം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | മുഴുവൻ കുട്ടികൾക്കും ആരോഗ്യകായികക്ഷമത ഉറപ്പാക്കുന്നു. | സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് .<br>മുമ്പ് ലഘുവ്യായാമങ്ങൾ<br>എയറോബിക്സ് ലഘുവക്ക<br>ഔട്ട് നടത്തിക്കുക<br>ക്രാഫ്റ്റ്, ആൾ<br>നിർമ്മാണ പ്രവർത്തനങ്ങളിൽ<br>പങ്കാളികളാക്കൽ<br>സർഗ്ഗകളരി<br>(Digital മാഗസീൻ, ചുമർ പത്രിക, പതിപ്പ്)<br>വീടുകളിലും, കൃഷിക്കും<br>പൂന്തോട്ടനിർമ്മാണത്തിലും<br>പങ്കാളികളാകൽ, മികച്ചവ കണ്ടെത്തി<br>അനുമോദിക്കൽ<br>Installation Art | | | |

**UP വിഭാഗം**

# മലയാളം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>വ്യത്യസ്ത നിലവാരക്കാരെ കണ്ടെത്തൽ<br><br>ചിത്ര കാർഡ് നൽകി വ്യത്യസ്ത നിലവാരക്കാർക്ക് വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകുന്നു. വാക്കുകൾ, വാക്യങ്ങൾ, അടിക്കുറിപ്പ്, കഥയെഴുത്ത്, വിവരണം, വർണ്ണന | 10 മാസം | ഭാഷാധ്യാപകർ | |
| | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ് / കവിയരങ്ങ് രചനാ ശിൽപശാല സംഘടിപ്പിക്കൽ | ദീർഘകാലം | | |
| | സാഹിത്യകാരൻമാരേയും രചനകളേയും പരിചയപ്പെടാൻ അവസരം ഒരുക്കൽ<br>വായന പരിപോഷിപ്പിക്കൽ | ലൈബ്രറി ശാക്തീകരണം<br><br>സർഗ്ഗം റേഡിയോ പ്രവർത്തനങ്ങളുടെ മെച്ചപ്പെടുത്തൽ | ദീർഘകാലം<br><br>10 മാസം | ഭാഷാധ്യാപകർ | |
| | അവതരണമികവ് കൈവരിക്കൽ<br>സർഗ്ഗാത്മകശേഷി വികാസം | | | | |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കൽ | ആഴ്ചയിൽ 1 ദിവസം ഇംഗ്ലീഷിൽ മുഴുവൻ പരിപാടിയും അവതരിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം (1 വർഷം) | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ അനായാസം ഇംഗ്ലീഷിൽ ആശയം അവതരിപ്പിക്കൽ | ഒരോദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| | ലാംഗ്വേജ് ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികാസം | 2 ആഴ്ചയിൽ ഒരിക്കൽ ലാംഗ്വേജ്ലാബ് പ്രവർത്തനങ്ങൾ ഏർപ്പെടുക പഠനഭാഗങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ വേദിയിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | രണ്ടാഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |

# ഹിന്ദി

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഹിന്ദിപഠനം കാര്യക്ഷമമാക്കൽ | * ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഉറപ്പിക്കൽ.<br>* അക്ഷരം ഉറപ്പിക്കൽ.<br>* ചിത്രകഥാവായന.<br>* പാഠഭാഗത്തിന്റെ ദൃശ്യാവിഷ്കാരം (കഥ, കവിത, നാടകം etc).<br>* കവിതകൾ കേൾക്കാനുള്ള അവസരം.<br>* വാർത്താവതരണം (സ്കൂൾതല റോഡിയോസ്റ്റേഷൻ).<br>* ഹിന്ദിഅസംബ്ലി (ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ).<br>* ക്വിസ് (ഹിന്ദി) (ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ).<br>* പ്രസംഗം (ഹിന്ദി) (ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ). | 10 മാസം | V - X<br>V - VI<br>V - VI<br>V - X<br>V - X<br>V - X<br>V - X<br>V - X | | |
| 2. | ഹിന്ദി ഭാഷാപഠനത്തിന് ICTസാധ്യത പ്രയോജനപ്പെടുത്തൽ | * ഹിന്ദി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം.<br>* ഭാഷാലാബ്.<br>* പഠനഭാഗവുമായി ബന്ധപ്പെട്ട വീഡിയോസ് പ്രദർശിപ്പിക്കുക.<br>* പാഠഭാഗത്തെ കവിതകൾ കവികൾ ചൊല്ലുന്ന വീഡിയോ പ്രദർശിപ്പിക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട ലേഖകൻമാരെ പരിചയപ്പെടാനുള്ള അവസരം. | 10 മാസം | V - X<br>V - X<br>V - X<br>V - X | | |

# ഹിന്ദി

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 3. | ഹിന്ദിപഠനം രസകരവും താൽപര്യമുള്ളതുമാക്കിതീർക്കൽ | * വിദ്യാർത്ഥികളുടെ ഗ്രഹിക്കാനുള്ള കഴിവനുസരിച്ചുള്ള ഹിന്ദിഭാഷാ പുസ്തകങ്ങളുടെ ലൈബ്രറി. | 10 മാസം | V - X | | |
| | | * പാഠഭാഗവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഉൽപ്പന്നങ്ങളുടെ സമാഹരണം– സുരീലിസഞ്ചിക. | | V - X | | |
| | | * ഘട്ടം ഘട്ടമായി തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ ക്രോഡീകരിച്ച് മൂന്ന് മാസത്തിലൊരിക്കൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പ്രകാശനം ചെയ്യൽ – മേരീ പ്യാരി ഹസ്തലിഖിത് പുസ്തിക | | V - X | | |
| | | * ഹിന്ദി സാഹിത്യവുമായി ബന്ധപ്പെട്ട് മാസത്തിലൊരിക്കൽ പ്രശ്നോത്തരി പ്രതിയോഗിത. | | V - X | | |
| | | * ഹിന്ദി ക്ലബ്ബിന്റെ സഹായസഹകരണത്തോടെ ദിനാചരണങ്ങൾ, മുന്നൊരുക്കങ്ങൾ, ഹിന്ദിയിൽ ആഘോഷിക്കുക. | | V - X | | |
| | | * ആഴ്ചയിൽ ഒരുദിവസം ഹിന്ദിയിൽ റേഡിയോ അവതരണം– ഹിന്ദി വാണി. | | V - X | | |

# ശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ശാസ്ത്രപഠനം രസകരമാക്കൽ | * യു.പി ക്ലാസുകളിലെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ. | വർഷത്തിലൊരിക്കൽ | | ശാസ്ത്ര ക്ലബ്ബ് | |
| | | * ക്വിസ്, ശാസ്ത്ര സെമിനാർ, നാടകം, സെമിനാർ. | പ്രതിമാസം 2 തവണ മാസത്തിലൊരിക്കൽ | | അധ്യാപകൻ | |
| | പാഠപുസ്തകത്തിലൂടെ ലഭിച്ച അറിവുകളുടെ നേരിട്ടുള്ള വിനിമയം | * ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 3 തവണ | | അധ്യാപകൻ | |
| | ജൈവകൃഷിയും വിള പരിപാലനവും<br>കൃഷിയോടുള്ള മനോഭാവം വളർത്തൽ | * കുട്ടികളുടെ പങ്കാളിത്തത്തോടെ ഔഷധ ഉദ്യാനം നിർമ്മിക്കൽ | ദീർഘകാലം | | ശാസ്ത്ര ക്ലബ്ബ് | |

# സാമൂഹികശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | സാമൂഹികശാസ്ത്ര അറിവുകളുടെ നിരീക്ഷണം | * മുഴുവൻ വിദ്യാർത്ഥികളും വായിക്കത്തക്ക വിധത്തിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ ആനുകാലിക സംഭവങ്ങളെ ക്കുറിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുക. | ആഴ്ചയിൽ 2 തവണ (വർഷം മുഴുവൻ) | | | |
| | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിലുള്ള അവബോധം | * ഫീൽഡ് ട്രിപ്പ് (ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ).<br>* സ്കൂൾ ചരിത്രവസ്തുക്കളുടെ പ്രദർശനം | വർഷത്തിൽ ഒരു തവണ ഒരു ക്ലാസിന് എന്ന രീതിയിൽ | | | |
| | കുട്ടികളിലെ അറിവ് വികസനത്തിനുള്ള പദ്ധതികൾ | * ഓൺലൈനായും ഓഫ്ലൈനായും ക്വിസ് മൽസരങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവനും | | | |
| | ജനാധിപത്യബോധവും പൗരബോധവും വളർത്തുക | * സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വിവിധ ഘട്ടങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ. | ആഗസ്റ്റ് മാസം അധ്യാപകർ | | | |

# ഗണിതം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ഗണിതം കളികളിലൂടെ രസകരമായ ഗണിത ശാസ്ത്രപഠനം<br>സാമൂഹികപാരിസ്ഥിക അവബോധം വളർത്തുന്നതിൽ ഗണിതപഠനത്തെ പ്രയോജനപ്പെടുത്തുക.<br><br>CWSN കുട്ടികളെ നേർധാരയിലേക്ക് എത്തിക്കുക.<br><br>നിത്യജീവിതവുമായി ഗണിതത്തെ ബന്ധപ്പെടുത്തുന്നു. സമയത്തെക്കുറിച്ചുള്ള അവബോധം വളർത്തുക.<br><br>CWSN കുട്ടികളെ നേർധാരയിലേക്ക് എത്തിക്കുക.<br><br>കലണ്ടർ | * പ്രീ ടെസ്റ്റ് ഗണിതക്കിറ്റ് നിർമ്മാണം ഗണിതമൂല സ്കൂൾ ഗണിതവൽക്കരണം.<br><br>* ജാമിതീയരൂപങ്ങൾ പരിചയപ്പെടുത്തുന്നു. (ICT സാധ്യത ഉപയോഗിച്ച്)<br><br>* രൂപങ്ങൾ വരയ്ക്കൽ നിർമ്മാണം, രൂപങ്ങൾ വരച്ച് പാറ്റേണുകൾ നിർമ്മിക്കൽ (ഓല, പേപ്പർ, ടാൽഗം പേപ്പർ, കളർ പേന, ICT)<br>* സമയം, സെക്കന്റ്, മിനിറ്റ്, മണിക്കൂർ എന്നിവയെ ബന്ധിപ്പിച്ച് ക്ലോക്ക് നോക്കി സമയം പറയുന്നു.<br>മണിക്കൂർ, മിനിറ്റ്, സെക്കന്റ്, ബന്ധങ്ങൾ തിരിച്ചറിയുന്നു.<br>* ക്ലോക്ക് നിർമ്മാണം<br><br>* കലണ്ടറിലെ മാന്ത്രികചതുരം കുസൃതി ചോദ്യം. | വർഷം മുഴുവൻ<br><br>2 മാസം | | ഗണിതക്ലബ്ബ്<br>അധ്യാപകൻ | |

# ഫിസിക്കൽ എഡ്യൂക്കേഷൻ

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | കുട്ടികളിൽ ശാരീരിക സംസ്ഥിതി വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങൾ സ്വായക്തമാക്കുക. ചിട്ടയായ കായിക പ്രവർത്തനഹങ്ങളിലൂടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു. ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു. സാമൂഹിക പ്രതിബദ്ധത ഉള്ളവരായി വളർന്നു വരാനുള്ള സാധ്യത കൂടുന്നു.<br><br>തോൽവിയെ അതിജീവിക്കാനുള്ള ശേഷി നേടുന്നു. | * വ്യായാമം, യോഗ, മൈനർ ഗെയിംസ്.<br><br>* കായിക മത്സരങ്ങൾക്കുള്ള തെരഞ്ഞെടുപ്പുകൾ സംഘടിപ്പിക്കുക. | 1 വർഷം | | അധ്യാപകൻ<br>SRG | |

ഹൈസ്കൂൾ വിഭാഗം

## മലയാളം

കുട്ടികളിൽ അന്തലീനമായിരിക്കുന്ന ഭാഷാഘടകത്തിന്റെ വികാസം എന്ന നിലയിലാണ് ഭാഷാപഠനത്തെ കാണേണ്ടത്. ഭാഷയും ചിന്തയും പരസ്പരം ബന്ധപ്പെട്ടിരിസക്കുന്നു. ആയതിനാൽ ചിന്തകൾ ഉണർത്തുന്നതും വാങ്മയചിത്രങ്ങൾ കുട്ടിയുടെ മനസ്സിൽ രൂപപ്പെട്ടതുമായ തരത്തിലുള്ള അനുഭവങ്ങളാണ് ക്ലാസ് മുറിയിൽ ഉണ്ടേകേണ്ടത്. ഭാഷാർജ്ജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്നത് മാതൃഭാഷയാണ്. കുട്ടിയുടെ വികാര വിചാരങ്ങളേയും പ്രതികരണങ്ങളേയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് മാതൃഭാഷ. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്.

കുട്ടികളുടെ ഭാഷാപരമായ ശേഷികൾ വർദ്ധിപ്പിക്കുന്നതിനും സർഗ്ഗാത്മകത കഴിവുകൾ വികസിപ്പിക്കുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത് കുട്ടികളെ പഠനത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

I. ഭാഷാപരമായ കഴിവുകൾ കണ്ടെത്തൽ

കഴിവുകൾ കണ്ടെത്തുന്നതിനായി ചില പ്രവർത്തനങ്ങൾ അവർക്ക് നൽകാവുന്നതാണ്. ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ, കഥ പറയൽ, കഥഎഴുതൽ അതോടൊപ്പം തന്നെ കുട്ടികളെ കണ്ടെത്തുന്നതിനായി വാക്കുകൾ നൽകി വാക്യങ്ങൾ നിർമ്മിക്കുവാനാവശ്യപ്പെടാം. ഇത്തരം പ്രവർത്തനങ്ങളിലൂടെ പഠനപിന്നോക്കവസ്ഥയിലുള്ളവർ ശരാശരി, മുന്നോക്കക്കാർ എന്നിവരെ കണ്ടെത്താൻ കഴിയും.

II. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

കുട്ടികളുടെ ഭാവാത്മകവായനയെ പരിപോഷിക്കുന്നതിനായി വായനാമൂല, ക്ലാസ് ലൈബ്രറി, വായനോത്സവം, വായനക്കുറിപ്പ്, വായനാ നുഭവം പങ്കുവെയ്ക്കൽ, പത്രവായന.

**III. എഴുത്തുക്കൂട്ടം രൂപീകരിക്കൽ**

കുട്ടികളുടെ എഴുത്തിലുള്ള ശേഷികൾ വർദ്ധിപ്പിക്കുന്നതിനായി ഇൻലന്റ് മാഗസീൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

**VI. ഗ്രന്ഥശാലാ ശാക്തീകരണം**

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി വിവിധ സാഹിത്യ രൂപത്തിലുള്ള പുസ്തകങ്ങൾ ക്രമീകരിക്കാൻ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന, വ്യക്തിഗത രചന, സാഹിത്യകാരനുമായുള്ള സംവാദം അഭിമുഖം.

**V. സർഗ്ഗാത്മക വികസനം**

സാഹിത്യരൂപങ്ങളെ വ്യത്യസ്ഥമായ വ്യവഹാര രൂപത്തിൽ ആവിഷ്കരിച്ച് (നാടകം, ഓട്ടൻതുള്ളൽ..) കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ വികസിപ്പിക്കുക.

പിന്നോക്കവസ്ഥയിലുളള കുട്ടികളെ കണ്ടെത്തി മലയാളത്തിളക്കം പോലുള്ള പരിപാടികൾ അവലംബിച്ച് അവയിലെ പ്രവർത്തനങ്ങൾ നൽകിയാൽ അവരേയും മുൻധാരയിലേയ്ക്ക് കൊണ്ട് വരാൻ കഴിയും. ശരാശരിക്കാർക്ക് പഠനപ്രവർത്തനങ്ങളും അതിനോടനുബന്ധിച്ച് പരിപാടികളും നൽകാം. മുന്നോക്കക്കാർക്ക് പഠനഭാഗങ്ങളുമായി ബന്ധപ്പെട്ട സാഹിത്യരൂപങ്ങളും സാഹിത്യപ്രസ്ഥാനങ്ങളും പരിചയപ്പെടൽ ആ സാഹിത്യകാരൻമാരുടെ മറ്റ് കൃതികൾ പരിചയപ്പെടൽ കഥാഭാഗങ്ങളുടെ നാടകീകരണം മുതലായ പ്രവർത്തനങ്ങൾ നൽകാം.

# ഇംഗ്ലീഷ്

ആഗോള ഭാഷയായ ഇംഗ്ലീഷിനെ അനായാസം കൈകാര്യം ചെയ്യുന്നതിനും കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം ജനിപ്പിക്കുന്നതിനും നിരവധി പഠനപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനം 1 :–

ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾ മുൻകാലങ്ങളിൽ നേടിയെടുത്ത അറിവുകൾ പരിശോധിക്കാനായി ലളിതമായ ടെസ്റ്റുകൾ നടത്തുന്നു. ആവിശ്യമായ പിന്തുണ നൽകുന്നു.

പ്രവർത്തനം 2 :–

ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് ക്ലാസ്സ് റൂം അന്തരീക്ഷം ഒരുക്കി കൊടുക്കൽ

Eg: Self Introduction, Introduction of a Friend etc..

പ്രവർത്തനം 3 :–

ചിത്രങ്ങളുടെ സഹായത്തോടെ വാക്കുകൾ കണ്ടെത്തി അതിനെ വാക്യങ്ങളാക്കി മാറ്റാനും ഉള്ള കഴിവ് വികസിപ്പിക്കാൻ പ്രവർത്തനങ്ങൾ നൽകുന്നു.

പ്രവർത്തനം 4 :–

ഇംഗ്ലീഷ് അസംബ്ലിയിലൂടെ കുട്ടികൾക്ക് നൂതനമായ വാക്കുകൾ പരിചയപ്പെടാനും വായനാശേഷിയും അവതരണശേഷിയും വികസിപ്പാക്കാനുള്ള അവസരം സൃഷ്ട്ടിക്കപ്പെടുന്നു.

പ്രവർത്തനം 5 :–

കുട്ടികളുടെ ഉച്ചാരണശുദ്ധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി Audio Visual Aid ആയ പ്രൊജക്ടറിന്റെ സഹായത്തോടെ വാക്കുകളുടെ ശരിയായ ഉച്ചാരണം പരിചയപ്പെടുന്നു.

പ്രവർത്തനം 6 :–

ദൈനംദിന അനുഭവങ്ങൾ രേഖപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷയിൽ ഡയറി റൈറ്റിംഗിനുള്ള അവസരം സൃഷ്ടിക്കുന്നു. ഇതുവഴി ഇംഗ്ലീഷ് ഭാഷയിൽ തന്നെ ചിന്തിക്കാനും അതു പ്രകടിപ്പിക്കാനും ശ്രമിക്കുന്നു.

പ്രവർത്തനം 7 :–

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി റോൾ പ്ലേ പ്രസന്റേഷൻ, സ്കിറ്റ്സ് കോറിയോഗ്രാഫി എന്നിവ നടത്തുന്നതുവഴി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.

പ്രവർത്തനം 8 :–

കുട്ടികളുടെ സർഗ്ഗവായനയെ പരിപോഷിക്കുന്നതിനായി റീഡിംഗ് കോർണർ തയ്യാറാക്കുക.

# ശാസ്ത്രം

ചുറ്റുപാടും നടക്കുന്ന മാറ്റങ്ങളെ ശാസ്ത്രീയമായി അപഗ്രഥം നടത്താനുള്ള കഴിവ് നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ശാസ്ത്ര പഠനത്തിന്റെ പ്രഥമലക്ഷ്യം.

ലക്ഷ്യങ്ങൾ :-

1. ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക.
2. പഠനഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള പരീക്ഷണനിരീക്ഷണ നിയമങ്ങളിലൂടെ കുട്ടികളിലെ ശാസ്ത്രീയ അടിത്തറ ദൃഢമാക്കുക.
3. പാഠഭാഗങ്ങലൂടെ സ്വായക്തമാക്കിയ ശാസ്ത്ര അറിവ്, ചുറ്റുപാടും നടക്കുന്ന മാറ്റങ്ങളെ അപഗ്രധനം നടത്തുന്നതിനായി പ്രയോജനപ്പെടുത്തുക.
4. ശാസ്ത്ര പഠനത്തിലൂടെ ഏതൊരു മാറ്റത്തെയും പ്രകൃതിസൗഹാർദ്ദമാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ<br>2. ശാസ്ത്രദിനം, ആശയദിനം<br>3. ശാസ്ത്രക്വിസ് | ശാസ്ത്രവീക്ഷണൻമാരുടെ ക്ലാസുകൾ ക്രമീകരിക്കുക<br>പ്രകൃതിസൗഹാർദ്ദ പ്രവർത്തനങ്ങൾ<br>ആധുനിക ശാസ്ത്ര പുരോഗതിയുടെ നാൾവഴികൾ<br>പരിചയപ്പെടുത്തൽ, ചുറ്റുപാടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയമായ നൂതന ആശയങ്ങളുടെ അവതരണം.<br>ക്വിസ് പരിപാടികളിലൂടെ കുട്ടികളിലെ ശാസ്ത്ര അറിവ് വർദ്ദിപ്പിക്കുക. |

നേട്ടങ്ങൾ :- നാം നേടിയെടുത്ത ശാസ്ത്ര അറിവുകൾ മാനവപുരോഗതിയ്ക്ക് പ്രയോജനമാകുംവിധം ഉപയോഗപ്പെടുത്തുക.

# ജീവശാസ്ത്രം

ലക്ഷ്യങ്ങൾ :–

1. ചുറ്റുപാടും നിരീക്ഷിച്ച് ലളിതമായ പരീക്ഷണങ്ങളിലൂടെയും അന്വേഷണ പ്രവർത്തനങ്ങളിലൂടെയും ലഭിച്ച വിവരങ്ങൾ ചിട്ടയായി രേഖപ്പെടുത്താനും ചർച്ചയിലൂടെയും വിശകലത്തിലൂടെയും ആശയങ്ങൾ സ്വാംശീകരിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.
2. ശാസ്ത്രീയ മനോഭാവം, ശാസ്ത്രീയ അഭിരുചി എന്നിവ വളർത്തൽ
3. ശാസ്ത്രീയ രീതി ബോധ്യപ്പെടുന്നതോടൊപ്പം അവ നിത്യജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷി നേടിയെടുക്കുക.
4. പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുക
5. ആശയഗ്രഹണം നേരിട്ടുള്ള അനുഭവങ്ങളിലൂടെ അന്വേഷണങ്ങളിലൂടെയും തിരിച്ചറിവുകളിലൂടെയുമാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| പഠനവിടവ് നികത്തൽ | അധികസമയം കണ്ടെത്തി ലഭ്യമാകേണ്ട മുറിവുകളെക്കുറിച്ചുള്ള ധാരണ ലളിതമായ മാർഗ്ഗങ്ങളിലൂടെ കുട്ടികളിലേയ്ക്കെത്തിക്കുക.<br>ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>ചർച്ചാ ക്ലാസ്സുകൾ<br>പരീക്ഷണങ്ങൾ<br>പ്രസന്റേഷൻ<br>ശാസ്ത്ര ക്വിസ്<br>സെമിനാർ |
| ശാസ്ത്രദിനം, അഭിമുഖങ്ങൾ | മാസത്തിൽ ഒരു ദിവസം ശാസ്ത്രദിനമായി ആചരിക്കുക<br>ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ<br>ശാസ്ത്രലേഖനം തയ്യാറാക്കൽ<br>ശാസ്ത്രപതിപ്പ് നിർമ്മാണം<br>ശാസ്ത്രനാടകം<br>ശാസ്ത്ര ക്വിസ്<br>ഡിജിറ്റൽ ആൽബം തയ്യാറാക്കൽ |
| ലഘുപരീക്ഷണങ്ങൾ | പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>പരീക്ഷണ സാമാഗ്രികൾ സംഘടിപ്പിക്കൽ<br>പരീക്ഷണരീതി, ശാസ്ത്രോപകരണങ്ങളുടെ കൈകാര്യം, എന്നീ മേഘലകളിൽ കുട്ടികൾക്ക് അവബോധം നൽകൽ |

| | |
|---|---|
| | പരീക്ഷണം ചെയ്യൽ<br>നരീക്ഷണം<br>പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കൽ |
| പ്രകൃതിസൗഹാർദ്ദ നിർമ്മാണ പ്രവർത്തനങ്ങൾ | പ്രകൃതിദത്ത സാധനങ്ങളുപയോഗപ്പെടുത്തി ഡിറ്റർജന്റുകൾ, സാനിറ്റൈസറുകൾ, ലോഷൻ, സോപ്പ്, എൽ. ഇ.ഡി ബൾബ്, അലങ്കാരവസ്തുക്കൾ, കളിപ്പാട്ടങ്ങൾ മോഡലുകൾ തുടങ്ങിയ വയുടെ നിർമ്മാണം. |
| പഠനയാത്രകൾ സംഘടിപ്പിക്കൽ | ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, ശാസ്ത്രീയമായ അറിവുകളും ശാസ്ത്ര പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കളും സംഘടിപ്പിക്കൽ<br><br>യാത്രാ വിവരണം തയ്യാറാക്കൽ |

# സാമൂഹികശാസ്ത്രം

പ്രവർത്തനം 1 :– സാമൂഹ്യശാസ്ത്രദിനം

മാസത്തിൽ ഒരുദിവസം സാമൂഹ്യശാസ്ത്രദിനമായി ആചരിക്കുന്നു.

സാമൂഹ്യശാസ്ത്ര ചരിത്രകാരൻമാരുടെ ജന്മദിനങ്ങൾ ആചരിക്കുന്നു.

ചരിത്രസംഭവങ്ങളെ ആസ്പദമാക്കി ചിത്രപ്രദർശനം സംഘടിപ്പിക്കുന്നു.

ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കൽ

സാമൂഹ്യശാസ്ത്ര ക്വിസ്.

പ്രവർത്തനം 2 :– ഭൂപട വായന

ഭൂപടം നിരീക്ഷിച്ച് ദിശ, സ്ഥാനം, സമയം, അക്ഷാംശ രേഖാംശ രേഖകൾ എന്നിവ കണ്ടെത്തൽ

ഭൂപടങ്ങൾ വലുപ്പക്രമത്തിൽ തിരിച്ചറിയുന്നു

ഇന്ത്യയുടെ അയൽ രാജ്യങ്ങൾ തിരിച്ചറിയുന്നു

ഭൂപടം നിർമ്മിക്കുന്നു

തോത് മനസിലാക്കുന്നു

പ്രവർത്തനം 3 :– ഇന്ത്യൻ ഭരണഘടന

ഇന്ത്യൻ ഭരണഘടന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ ചർച്ചചെയ്യുന്നു

സ്കൂൾ ഇലക്ഷനിൽ പങ്കെടുക്കുന്നതിലൂടെ തെരഞ്ഞെടുപ്പിന്റെ വിവധ ഘട്ടങ്ങൾ മനസിലാകുന്നു.

**പ്രവർത്തനം 4 :– സാമ്പത്തിക ശാസ്ത്രം**

ബാങ്കുകൾ, പോസ്റ്റ് ഓഫീസുകൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിലൂടെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ മനസിലാക്കുന്നു. വരവുചെലവ് കണക്കുകൾ മനസിലാക്കുകയും ബഡ്ജറ്റിന്റെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യുന്നു. സമ്പാദ്യശീലം വളർത്താനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നു.

**പ്രവർത്തനം 5 :– സാമൂഹ്യശാസ്ത്രം**

സമൂഹത്തിന്റെ പാലിക്കേണ്ട മര്യാദകൾ, ജനാധിപത്യം സഹിഷ്ണുത, പരസ്പര ബഹുമാനം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു.

**പ്രവർത്തനം 6 :– ഫീൽഡ് ട്രിപ്പ്**

വൃദ്ധസദനങ്ങൾ, അനാഥമന്ദിരങ്ങൾ എന്നിവ സന്ദർശിക്കുന്നതുവഴി സമൂഹ്യബന്ധങ്ങളിൽ സംഭവിക്കുന്ന മൂല്യച്യുതിയെക്കുറിച്ച് മനസിലാക്കുന്നു, ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുകയും ചരിത്രപ്രാധാന്യം മനസിലാക്കുകയും ചെയ്യുന്നു.

**പ്രവർത്തനം 7 :– സെമിനാറുകൾ**

സാമൂഹ്യശാസ്ത്രത്തിലെ വിവിധ പഠനമേഖലകളുമായി ബന്ധപ്പെടുത്തി സംവാദങ്ങൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുപ്പിക്കുന്നതിലൂടെ വിവിധ ശേഷികൾ കൈവരിക്കുന്നു.

# ഗണിതം

ലക്ഷ്യങ്ങൾ :-

1. ഗണിതപഠനശേഷി വർദ്ധിപ്പിക്കുക.
2. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
3. ഗണിതപഠനത്തിൽ ഐ.റ്റി യുടെ സാധ്യത പ്രയോജനപ്പെടുത്താനനുള്ള മനോഭാവം വളർത്തുക.
4. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാകുട്ടികളും ആർജ്ജിക്കുക.
5. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക.
6. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
7. ഗണിതപഠനത്തെ സാമൂഹ്യവളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
8. ഗണിതപഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
9. പാർശ്വവൽകരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക.
10. CWSN കുട്ടികളെ നേർധാരയിലെത്തിക്കുക.

| പദ്ധതി | പ്രവർത്തനങ്ങൾ |
| --- | --- |
| ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>ഗണിതപ്പതിപ്പ്<br>ഗണിതോത്സവം<br>രസകരമായ ഗണിതശാസ്ത്ര പഠനം<br>ഗണിത ലാബ് | സംഖ്യാ റിബൺ<br>അബാക്കസ്<br>പകുത്തുനൽകൽ<br>വിഭജന രീതി<br><br>പാറ്റേൺ, ഗണിത ചിത്രങ്ങൾ, കണക്കിലെ കളികൾ<br>ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ, ചിത്രങ്ങൾ<br>ഗണിതപ്പാട്ടുകൾ<br>ഗണിതക്കഥകൾ<br>ആൽബം<br>ഗണിത ക്വിസ്, ഗണിത പ്രോജക്ട്<br>ലാബ് ക്രമീകരികൽ |

# എൽ.പി. വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025–26

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ഭാഷാനൈപുണികളുടെ വികസനം | 1. പാട്ടരങ്ങ്<br>2. രചനോത്സവം<br>3. മലയാളമധുരം<br>4. സചിത്രപുസ്തകം<br>5. സങ്കൽപ്പഡയറി<br>6. റീഡേഴ്സ് തീയേറ്റർ<br>7. നാട്ടുവിശേഷം കൂട്ടെഴുത്ത്<br>8. ക്ലാസ് പത്രം<br>9. നാടൻപാട്ട് ശിൽപശാല<br>10. കവികൾ ഡോക്യുമെന്ററി<br>11. കാവ്യോത്സവം<br>12. സർഗ്ഗാത്മകഡയറി<br>13. കാവ്യാവിഷ്കാരം<br>14. പാവനാടകം ശിൽപശാല<br>15. കുട്ടിവായന ഉച്ചഭാഷിണിയിലൂടെ | അക്കാദമികവർഷം മുഴുവൻ<br>ആഴ്ചയിൽ ഒരിക്കൽ | അധ്യാപകൻ<br>പി. ടി.എ<br>എസ്. ആർ.ജി<br>പ്രഗത്ഭൻ | | മലയാളം |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | <u>ഇംഗ്ലീഷ്</u><br>ഫലപ്രദമായിവായിക്കുന്നതിനും എഴുതുന്നതിനും ശേഷി മെച്ചപ്പെടുത്തൽ | * Speech Bubbles<br>* Readers Theatre<br>* Theatre Activities<br>(Skit, Role Play etc..)<br>* English Assembly<br>* English Diary<br>* Magazine<br>* Reading Cards Workshop<br>* Quotation Treasury<br>* Puppet Making | രണ്ടാഴ്ചയിൽ ഒരിക്കൽ<br>രണ്ടാഴ്ചയിൽ രണ്ട്<br>(വർഷം മുഴുവൻ) | അധ്യാപകൻ<br>പി.ടി.എ<br>എസ്.ആർ.ജി | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | <u>ഗണിതം</u><br>ഗണിത പഠനം രസകരവും ലളിത വുമാക്കൽ | 1. മഞ്ചാടി സഞ്ചി<br>2. കണക്ക് പെട്ടി<br>3. ഗണിതോപകരണ നിർമ്മാണ ശിൽപശാല<br>4. ഗണിതകേളികൾ<br>5. ഗണിതച്ചുമർ<br>6. ഒറിഗാമിയിലൂടെ പഠിക്കാം<br>7. ഗണിത അസംബ്ലി | ജൂലൈ | അധ്യാപകൻ<br>രക്ഷകർത്താക്കൾ<br>പി.ടി.എ<br>എസ്.ആർ.ജി | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പരിസരപഠനം നേരനുഭവങ്ങളിലൂടെ ശാസ്ത്രപഠന താല്പര്യം വളർത്തുക | 1. ശാസ്ത്ര മൂല<br>2. ശാസ്ത്ര യാത്ര<br>3. ശാസ്ത്ര മാസിക<br>4. ശാസ്ത്രോത്സവം<br>5. ഭക്ഷ്യമേള | വർഷം മുഴുവൻ | അധ്യാപകൻ<br>പി.ടി.എ<br>എസ്.ആർ.ജി | | |
| 2. | പ്രകൃതിയെ അറിയുക | 6. പച്ചക്കറിത്തോട്ടം<br>7. പ്രകൃതി നടത്തം<br>8. പുഷ്പോദ്യാനം<br>9. ഔഷധത്തോട്ട നിർമ്മാണം | വർഷം മുഴുവൻ | | | |
| 3. | ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | 10. ശാസ്ത്ര പരീക്ഷണക്കിറ്റ്<br>11. ശാസ്ത്രജ്ഞൻമാർ ഡോക്യുമെന്ററി | വർഷം മുഴുവൻ | | | |

# യു.പി. വിഭാഗം
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025–26

# സയൻസ്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ഫീൽഡ്ട്രിപ്പ് ജൈവവൈവിധ്യ പാർക്ക്. | വർഷത്തിൽ 3 തവണ | | അധ്യാപകൻ | |
| | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുളള കഴിവ് വർദ്ധിപ്പിക്കുക. | സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | | ശാസ്ത്ര അധ്യാപകർ | |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | ഇംഗ്ലീഷ് തിയേറ്റർ<br>പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ വ്യത്യസ്ഥമായ വ്യവഹാര രൂപത്തിലേക്ക് മാറ്റി സദസിനു മുന്നിൽ അവതരിപ്പിക്കൽ.<br>ഉദാ : സ്കിറ്റ്, നാടകം, കൊറിയോ ഗ്രാഫി | മാസത്തിലൊരിക്കൽ | | ഇംഗ്ലീഷ് അധ്യാപിക | പി.റ്റി.എ |
| | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ.<br>ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുവാനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസം | | ഇംഗ്ലീഷ് ക്ലബ്ബ് | |

# യു.പി. സാമൂഹികശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | സാമൂഹികശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | | | |
| | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വിർച്ച്വൽ ഫീൽഡ് ട്രിപ്പ് ഐ.സി.റ്റി. ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | | | |
| | ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുക. | ഒഗസ്റ്റ് | | | |

# യു.പി. സാമൂഹികശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേ<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. | വർഷത്തിൽ ഒരുതവണ ഒരു ക്ലാസിന് എന്ന രീതിയിൽ | | | |
| | കുട്ടികളിൽ ഭക്ഷ്യസുരക്ഷയെ കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നു. | ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | | | |

# ഗണിതം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | | ഗണിത അധ്യാപകന്റെ ക്ലബ്ബ് ലീഡർമാർ | പി.ടി.എ |

# യു.പി മലയാളം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * വായനാകാർഡ് (ഹെൽപിങ് ഹാന്റ് – പഠനപരിപോഷണ പരിപാടി) | 10 മാസം | | മലയാളം അധ്യാപകർ | പി.ടി.എ |
| 2. | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ വായന സാമഗ്രികളുടെ നിർമ്മാണം. | * കുട്ടികളുടെ കലാസൃഷ്ടികൾ, കുസൃതി ചോദ്യങ്ങൾ, കടംകഥകൾ എന്നിവ ഉൾപ്പെടുത്തികൊണ്ട്, ക്ലാസ് മാഗസീൻ.<br>* ഓരോ പാഠഭാഗത്തുനിന്നും കണ്ടെത്തിയ പദങ്ങൾ ചേർത്ത് നിഘണ്ടു തയ്യാറാക്കൽ. | ദീർഘകാലം | | മലയാളം അധ്യാപകർ ക്ലാസ് ലീഡർ | |
| 3. | പഠിതാവിൽ അർത്ഥപൂർണമായ വായനയെ പ്രോത്സാഹിപ്പിക്കുന്നു. | * ക്ലാസ്തലത്തിൽ എല്ലാ ദിവസവും പത്രവായന ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽനടത്താം.<br>വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയങ്ങളിൽ വാർത്താവതരണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം എന്നിവ സംഘടിപ്പിക്കാം. | പ്രതിദിനം | | ക്ലാസ് അധ്യാപകൻ മലയാളം ക്ലബ്ബ് | |

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4. | വിവിധ ഷേഷികളുടെ വികസനം. | ദിനാചരണം<br>ജൂൺമുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ ചർച്ച ചെയ്ത് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | എസ്.ആർ.ജി | |
| 5. | വിവരസാങ്കേതിക വിദ്യയിലൂടെ മലയാളപഠനം രസകരമാക്കുക. | * e - വായന<br>* വീഡിയോ പ്രദർശനം<br>(ICT സാധ്യത പ്രയോജനപ്പെടുത്തുന്നു) | ജൂൺ മുതൽ മാർച്ച് വരെ | | ഐ.റ്റി അധ്യാപകർ മലയാളം അധ്യാപകർ | |

# യു.പി സംസ്കൃതം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 5,6,7 ക്ലാസുകളിൽ പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ച് അക്ഷരജ്ഞാനം ഉറപ്പ് വരുത്തൽ. | * ചിത്രപ്രദർശനം | ഒരാഴ്ച | | അധ്യാപകൻ | |
| 2. | സംസ്കൃത സാഹിത്യ പരിചായനം | * സുഭാഷിതാലാപനം, കഥപറയൽ, സമസ്യാപൂരണം, ഗുണപാഠകഥകളുടെ വീഡിയോ ആഖ്യാനങ്ങൾ ഐ.റ്റി.സിയിലൂടെ പരിചയപ്പെടുത്തുന്നു. വാർത്ത വായിക്കൽ. | ജൂലൈ | | അധ്യാപകർ | |
| 3. | അവതരണസിദ്ധി | * ഗദ്യപാരായണം. | | | ക്ലാസ് അധ്യാപകൻ മലയാളം ക്ലബ്ബ് | |
| 4. | ഇതിഹാസ പരിചരണം | * രാമായണവുമായി ബന്ധപ്പെട്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. (ക്വിസ്, പോസ്റ്റർ, കഥാകഥനം, പദ്യപാരായണം, പ്രസംഗം, ലഘുരൂപകം) | | | അധ്യാപകൻ (പി.ടി.എ) | |

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | വ്യാകരണ അവബോധം. | * പാഠഭാഗവുമായി ബന്ധപ്പെട്ട പദം പിരിച്ചെഴുതൽ, വിഗ്രഹം, അവ്യയ പ്രയോഗം, ലകാരം–ശബ്ദം പഠിച്ച് അവതരിപ്പിക്കൽ. | ജൂലൈ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ | |
| 6. | സംസ്കൃതോത്സവത്തിലുള്ള പരിശീലനം. | * ഓണത്തിന് മുന്നോടിയായി ശ്രാവണികം എന്ന പേരിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. അക്ഷര ശ്ലോകപരിശീലനം, സംസ്കൃത ക്ലബ്ബ് മുഖാന്തരം നടത്തുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | | അധ്യാപകർ | |
| 7. | സംഭാഷണ സാമർത്ഥ്യം. | * ദിവസേന സംസ്കൃതത്തിലെ ഒരു വാക്യം വച്ച് പരിചയപ്പെടുത്തുന്നു. | | | | |
| 8. | അസംബ്ലി. | * വാർത്തവായന, പ്രാർത്ഥന, പ്രതിജ്ഞ, സുഭാഷിതം. | ജൂലൈ മുതൽ മാർച്ച് വരെ | | അധ്യാപകൻ | |
| 9. | ദിനാചരണ ബോധം. | * ചിന്താവിഷയം, സംസ്കൃതദിനവുമായി ബന്ധപ്പെട്ട് ഒരാഴ്ച നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ. | | | | |

# എൽ.പി അറബിക്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1.<br><br><br><br><br>2. | <u>നല്ലവായന</u><br>എല്ലാകുട്ടികളും ലഘുവാക്യങ്ങൾ, ചെറിയ വാചകങ്ങൾ വായിക്കുവാൻ സാധിക്കണം.<br><br>അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഓരോ കുട്ടിയിലും സൃഷ്ടിക്കുക. | * അറബി പുസ്തകങ്ങൾ ഉൾക്കെള്ളിച്ചുള്ള ലൈബ്രറി സജ്ജമാക്കുന്നു. അറബി കഥാബുക്ക്, ചിത്രകഥ, പദ്യങ്ങൾ, ക്വിസ് എന്നിവ ലൈബ്രറിയിൽ ലഭ്യമാകുന്നു.<br>* വായനക്കാർഡ് തയ്യാറാക്കി ചുമരുകളിൽ പതിക്കുന്നു. എൽ.സി.ഡി യുടെ സഹായത്തോടെ കഥകളും കവിതകളും കുട്ടികളെ കേൾപ്പിക്കുന്നു. സ്വന്തമായി അവതരിപ്പിക്കാൻ അവരെ പരിശീലിപ്പിക്കുന്നു.<br>* നല്ല മത്സരങ്ങൾ<br>ക്ലാസുകളിലെ മിടുക്കന്മാർ മാത്രം വിജയിച്ചാൽ പോരാ എല്ലാവരും വിജയി എന്നതിലേക്ക് എത്തുന്നതിന് വ്യത്യസ്ഥ കാറ്റഗറിയിൽ മത്സരം നടത്തുന്നു.<br>ഉദാ : ക്വിസ്, പദനിർമ്മാണം, നിഘണ്ടു നിർമ്മാണം, പദപ്രശ്നം, കളറിംഗ്, ഓർമ്മ പരിശോധന, കഥപറയൽ, ഖുർആൻ പാരായണം, വാചകപൂർത്തീകരണം, കവിതാലാപനം, നല്ല വായന.<br>* മാസത്തിൽ ഒരു പ്രാവശ്യം അറബിയിലുള്ള അസംബ്ലി നടത്താൻ ശ്രമിക്കും.<br>* അറബിക് കലോത്സവം<br>ജൂൺ അവസാനം തന്നെ എല്ലാ കുട്ടികളും അറബിക് കലോത്സവത്തിന്വേണ്ടിയുള്ള സൃഷ്ടികൾ തയ്യാറാക്കുകയും എല്ലാവരെയും പങ്കെടുപ്പിച്ചു കൊണ്ട് നല്ല രീതിയിൽ അറബിക് കലോത്സവം സ്കൂളിൽ നടപ്പിലാക്കുകയും വിജയിച്ച കുട്ടികളെ സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രത്രേക പരിശീലനം നൽകുന്നു. | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | സമ്പൂർണ്ണ കാര്യക്ഷമത<br><br>കായികക്ഷമതയെ കുറിച്ചും കായികക്ഷമത കൈവരിക്കുന്നതിനുള്ള വിവിധ വ്യായാമങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നു.<br><br>ബി.എം.ഐ കണക്കാക്കുന്നു.<br><br>ഉപകരണങ്ങൾ<br>വെയിറ്റിംഗ് മിഷീൻ<br>സ്റ്റഡിയോമീറ്റർ<br>സ്റ്റോപ്പ് വാച്ച് | * മേജർ ഗെയിമുകൾ പരിചയപ്പെടുത്തുന്നു.<br>* ആരോഗ്യം, അഹാരശീലങ്ങൾ, ആനന്ദം കായികക്ഷമത എന്നിവയെക്കുറിച്ചുള്ള അറിവ് കൈവരിക്കൽ.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസ്സ്റൂം പഠനം ബന്ധപ്പെട്ട പ്രാക്ടിക്കൽ.<br>പഠനപരിപോഷണ പരിപാടി<br>പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക വെല്ലുവിളികൾ കണ്ടെത്തി പരിഹരിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പൊതു വിദ്യാലയങ്ങളിലെ അഞ്ച് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലാണ് ഇത് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഹൈസ്കൂൾ തലത്തിൽ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെക്കൂടി മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കുന്നു. ചതുഷ്ക്രിയകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ പ്രവർത്തനം നടത്തുന്നത്. പടവുകൾ എന്നാണ് ഈ പ്രോജക്ടിന് നൽകിയിരിക്കുന്ന പേര്. ഡിസംബർ മാസത്തോടുകൂടി ഈ കുട്ടികൾക്ക് ഗണിതത്തിന്റെ അടിസ്ഥാന കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൽ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. | ജൂൺ<br>മുതൽ<br>നവംബർ വരെ<br><br>ജൂൺ<br>മുതൽ<br>മാർച്ച് വരെ | അധ്യാപകർ | |

# എച്ച്.എസ് അറബിക്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 8,9,10 ക്ലാസ്സുകളിൽ അറബിക് ഭാഷയുമായി ബന്ധപ്പെട്ട അടിസ്ഥാന ഭാഷാ പരിജ്ഞാനം. | * വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ നിന്നും ആർജ്ജിച്ച ഭാഷാനൈപുണ്യവും പരിജ്ഞാനവും ഉറപ്പ് വരുത്തുന്നതിനും അവയുടെ പോരായ്മകൾ സിലബസിനൊപ്പം പരിഹരിക്കുന്നതിനുമായി സിലബസ് അധിഷ്ഠിത അസൈമെന്റുകൾ. | ജൂൺ മുതൽ ജൂലൈ വരെ | | അധ്യാപകൻ | പി.ടി.എ |
| 2. | വ്യാകരണ നിയമപഠനവും ഉപയോഗവും | * അറബിക് ഭാഷാപരീക്ഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് മുൻവർഷ ചോദ്യപേപ്പറുകളെ കേന്ദ്രീകരിച്ചുള്ള വ്യാകരണസംബന്ധമായ ചോദ്യരീതി പരിശീലനങ്ങൾ ഉറപ്പ് വരുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ | |
| 3. | വാരാന്ത്യ മൂല്യനിർണ്ണയങ്ങൾ | * വിദ്യാർത്ഥികളുടെ പഠനമികവും നിലവാരവും ഉറപ്പ് വരുത്തുന്നതിനായും വാർഷിക പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 10-ാം തരത്തിലെ വിദ്യാർത്ഥികളെ പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായും വാരാന്ത്യ ചോദ്യോത്തര മൂല്യനിർണ്ണയം ഉറപ്പ് വരുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ | |

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4. | അറബിഭാഷാ പദസമ്പത്ത് പരിപോഷണം. | * ഭാഷാപ്രായോഗിക സമ്പത്ത് ഓരോ ഭാഗത്ത് നിന്നും കുട്ടികൾക്ക് ലഭിക്കുന്നതിനായി സമാന്തരമായി അവയെ പരിചയപ്പെടുകയും ഡിക്ഷ്ണറി പോലത്തെ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. | ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | അധ്യാപകൻ | |
| 5. | ദിനചര്യാബോധം | * ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിച്ച് അവയുമായി ബന്ധ്പെട്ട ഭാഷാവബോധം സൃഷ്ടിക്കുന്നു. | 10 മാസം | അധ്യാപകൻ | |
| 6. | അറബിക് സാഹിത്യോത്സവം | * വിദ്യാർത്ഥികളുടെ കലാസാഹിത്യ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സമഗ്രഭാഷാ കലാ പരിശീലനങ്ങളും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപകൻ | |
| 7. | അന്താരാഷ്ട്ര അറബിക് ഭാഷാ ദിനാചരണം | * അന്താരാഷ്ട്ര ഭാഷാദിനവുമായി ബന്ധപ്പെട്ട അറബിക് അസംബ്ലി, അറബിക് ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളും സംഘാടനവും. | ഒക്ടോബർ മുതൽ ഡിസംബർ വരെ | അധ്യാപകൻ | |
| 8. | LSRW | * പാഠഭാഗവായന ഗ്രൂപ്പ് ഡിസ്കഷൻ, വ്യക്തിഗത സൃഷ്ടികൾ, വായന. | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകൻ | |
| 9. | വർഷാന്ത്യ പരീക്ഷ മൂല്യനിർണ്ണയ മോഡലുകൾ | * വിദ്യാർത്ഥികൾക്ക് വാർഷിക പരീക്ഷ വിജയവും പാഠഭാഗങ്ങളുടെ സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി ഒരോ ടേമിന്റെയും വർഷാന്ത്യ മോഡൽ പരീക്ഷകൾ ഉറപ്പ് വരുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകൻ | |

# യു.പി അറബിക്

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 5,6,7 ക്ലാസ്സുകളിൽ അറബിക് ഭാഷയുമായി ബന്ധപ്പെട്ട മുന്നറിവുകൾ. | * കുട്ടികൾക്ക് പരിചിതമായ മാതൃഭാഷ പദങ്ങളും അവയുമായി ബന്ധപ്പെട്ട അറബിക്ഭാഷ പദങ്ങൾ പരിചയിക്കുന്നു. | ഒരാഴ്ച | | അധ്യാപകൻ | |
| 2. | കുട്ടികൾക്ക് അറബിക്ഭാഷ പഠന താൽപര്യം വർദ്ധിക്കാനായി പഠിച്ച പദങ്ങൾ അവയിൽനിന്ന് വേർതിരിഞ്ഞു മനസിലാക്കൽ. | * കവിതാ, കഥാ പഠനം മുൻപരിചയമുള്ള പദങ്ങൾ ഇവയിൽ നിന്നും വേർതിരിഞ്ഞു മനസ്സിലാക്കുന്നു. | ഒരാഴ്ച | | അധ്യാപകൻ | |
| 3. | വ്യാകരണ നിയമപഠനം. | * പാഠഭാഗത്തിലെ വിവിധ ഭാഗങ്ങളിൽ ആവർത്തിക്കുന്ന വ്യാകരണ നിയമങ്ങൾ സ്ഥിരമായി പഠന വിധേയം പരിശീലനം നൽകുന്നു. | 10 മാസം | | അധ്യാപകൻ | |
| 4. | അറബിഭാഷ പദസമ്പത്ത് പരിപോഷണം. | * ഭാഷാപരമായ പ്രായോഗിക പദസമ്പത്ത് ഓരോ പാഠഭാഗത്ത് നിന്നും കുട്ടികൾക്ക് പരിചയപ്പെടുത്തുകയും സ്ഥിരമായ ബ്രയിൻ സ്നോമിങ്ങിലൂടെ അവ ഓർമ്മയിൽ നിലനിർത്തുകയും ചെയ്യുന്നു. | 10 മാസം | | അധ്യാപകൻ | |

| ക്രമ നമ്പർ | പദ്ധതി ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | ദിനചര്യാബോധം | * ചിത്രങ്ങൾ പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിച്ചിട്ട് അവയുമായി ബന്ധപ്പെട്ട ഭാഷാബോധം സൃഷ്ടിക്കുന്നു. | 10 മാസം | | അധ്യാപകൻ | |
| 6. | അറബിക് അസംബ്ലി | * ദിനാചരണങ്ങളോട് ബന്ധപ്പെട്ട് അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. | 10 മാസം | | അധ്യാപകൻ | |
| 7. | അറബിക് സാഹിത്യോത്സവം | * കുട്ടികളുടെ കലാപരവും ഭാഷാപരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ കലാവൈവിധ്യ പരിശീലനങ്ങളും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | | അധ്യാപകൻ | |
| 8. | അന്താരാഷ്ട്ര അറബിക്ഭാഷ ദിനചരണ ആഘോഷങ്ങൾ പരിപോഷണം. | * അന്താരാഷ്ട്ര ഭാഷ ദിനാഘോഷപരിപാടികളുടെ പരിശീലനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | | അധ്യാപകൻ | |
| 9. | LSRW | * പാഠഭാഗവായന ഗ്രൂപ്പ് ഡിസ്കഷൻ, കേട്ടെഴുത്ത്, സംഭാഷണം, വ്യക്തിഗത വായന. | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ | |
| 10. | അറബിക്ഭാഷ വാക്യ- ലിഖിത ശുദ്ധി | * കുട്ടികളിൽ ഭാഷാശുദ്ധി വാക്യത്തിലും ലിഖിതത്തിലും മെച്ചപ്പെടുത്തുന്നതിനായി അക്ഷരങ്ങളുടെ പകർത്തെഴുത്ത് ഉച്ചാരണവും പരിശോധിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ | |

# കായിക വിദ്യാഭ്യാസം

കോവിഡാനന്തരം കുട്ടികൾക്കുണ്ടായിട്ടുള്ള പിരിമുറുക്കങ്ങളും പ്രയാസങ്ങളും മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും മുൻതൂക്കം നൽകുന്നത്. കുട്ടികൾക്കിടയിൽ അമിത വണ്ണം ഫ്ളെക്സിബിലിറ്റി കുറവ്, ആന്തരിക അവയവങ്ങളുടെ പ്രവർത്തനക്കുറവ് എന്നിവ പ്രധാനമായും സംഭവിക്കുന്നത് കായിക പ്രവർത്തനങ്ങളുടെ കുറവുമൂലമാണ്. കൂടാതെ ഒരു പരിധിവരെ അവർക്കിടയിൽ മാനസിക പിരിമുറുക്കവും സംഭവിക്കുന്നുണ്ട്. അമിതവണ്ണം കുറച്ച് സാധാരണ നിലയിലേക്ക് കുട്ടികളെ കൊണ്ട് വരുന്നതിലേയക്ക് ചിട്ടയായ വ്യായാമ മുറകളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് യോഗ, മൈനർ ഗെയിം എന്നിവ കുട്ടികളെ പരിശീലിപ്പിക്കുകയും ഇവയുടെ പ്രാധാന്യം കുട്ടികളെ മനസ്സിലാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം നമ്മുടെ കളിസ്ഥല പരിമിധിക്കുള്ളിൽ നിന്നുകൊണ്ട് വിവിധ കായിക മത്സരങ്ങൾക്കുള്ള തെരഞ്ഞെടുപ്പുകൾ സംഘടിപ്പിക്കുകയും അവർക്ക് മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നതിനുള്ള നിരന്തര പരിശീലനം നൽകുന്നതാണ്.

## കലാലയ ഉണർവിന് സൂംബാ ഡാൻസ്

അക്കാദമിക മികവിന് ഗുണമേന്മാ വിദ്യാഭ്യാസം സാധ്യമാക്കുവാൻ കഴിയുംവിധം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുകയാണല്ലോ? ഇവിടെ കുട്ടിയുടെ ബൗദ്ധികമികവിനൊപ്പം ശാരീരികവും മനസികവുമായ വളർച്ചയ്ക്കും നാം പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. വലിയ അളവിൽ ലഹരിക്കടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു തലമുറയെ കണ്ടുകൊണ്ട് വേണം നാം പദ്ധതികൾ ആവിഷ്കരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. അവിടെയാണ് സൂംബ പോലുള്ള കലാരൂപങ്ങളുടെ കലാലയ പ്രസക്തി.

ഇത് കുട്ടികളുടെ ശാരീരിക ക്ഷമതയ്ക്കൊപ്പം മാനസിക ഉല്ലാസത്തിനും കാരണമാകുകയും കലാലയ അന്തരീക്ഷം പ്രസന്നമാക്കുകയും ചെയ്യും. മാനസിക ഉല്ലാസം കുട്ടികളെ ഉണർവ്വിന്റെ തലത്തിലെത്തിക്കുന്നു. പഠനം അനായാസമാക്കുന്നു. അതിനാൽ കലാലയ ഉണർവ്വിന് സൂംബാ ഡാൻസ് സ്കൂളിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

# സംഗ്രഹം

ഈ സ്കൂളിലെ 1 മുതൽ 10 വരെ പഠിക്കുന്ന കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ വിധ കഴിവുകളും വികസിപ്പിക്കുന്നതിന് സഹായകമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത്.

# നന്ദി

2025–2026 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന് സഹായം നൽകിയ അധ്യാപകർ, വിദ്യാർത്ഥികൾ പി.ടി.എ, എം. പി. ടി.എ, എക്സി. അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.